**പത്രക്കുറിപ്പ്** **16.06.2022**

**ഒരു ലക്ഷം എംഎസ്എംഇകൾ എന്ന ലക്ഷ്യത്തിലേക്ക്**
**ഈ സാമ്പത്തിക വർഷം സംസ്ഥാനം എത്തും: മന്ത്രി പി.രാജീവ്**

**ജൂൺ പകുതി വരെ രജിസ്റ്റ ർ ചെയ്തത് 13,137 യൂണിറ്റുകൾ**

**വ്യാപാർ 2022 ന് കൊച്ചിയിൽ തുടക്കമായി**

**കൊച്ചി:** രണ്ടര മാസത്തിനിടെ സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിലെ 13,137 സംരംഭങ്ങൾ രജിസ്റ്റർ ചെയ്തതോടെ ഈ സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം എംഎസ്എംഇകൾ എന്ന ലക്ഷ്യത്തിലേക്ക് കേരളം അതിവേഗം എത്തിച്ചേരുകയാണെന്ന് നിയമ, വ്യവസായ, കയർ മന്ത്രി പി.രാജീവ് പറഞ്ഞു. കേരളത്തിലെ എംഎസ്എസ്ഇകൾക്ക് രാജ്യവ്യാപക വിപണി ഉറപ്പാക്കാൻ സംസ്ഥാന വ്യവസായ-വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന ത്രിദിന പ്രദർശനമേളയായ വ്യാപാർ 2022 കൊച്ചി ജവഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയം ഗ്രൗണ്ടിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

എംഎസ്എംഇകളിലൂടെ ഇതുവരെ 982.73 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാനും 30,698 പേർക്ക് തൊഴിൽ നൽകാനുമായെന്ന് മന്ത്രി പറഞ്ഞു. എംഎസ്എംഇകളെ ശക്തിപ്പെടുത്തുന്നതിനുള്ള നിരന്തരശ്രമങ്ങളുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ 1,155 ഇന്റേണുകളെ റിക്രൂട്ട് ചെയ്തു. സംസ്ഥാനം അടുത്തിടെ പാസ്സാക്കിയ രണ്ട് നിയമങ്ങൾ കേരളത്തിൽ എംഎസ്എംഇകൾ ആരംഭിക്കുന്നത് വേഗത്തിലാക്കിയതായും മന്ത്രി ചൂണ്ടിക്കാട്ടി.

കേരളത്തെ ഒരു പ്രധാന വ്യാവസായിക ലക്ഷ്യസ്ഥാനമായി ഉയർത്തിക്കാട്ടുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പരിശ്രമങ്ങൾക്ക് ഊർജ്ജം നൽകാൻ വ്യാപാറിന് സാധിക്കും. കൊച്ചി കാക്കനാട്ട് ഒരു സ്ഥിരം എക്സിബിഷൻ-കം-കൺവെൻഷൻ സെന്റർ കിൻഫ്ര ഒരുക്കുകയാണ്. 2023 ഒക്ടോബറിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി പ്രാവർത്തികമാകുന്നതോടെ എല്ലാ വർഷവും ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കാനാകും. വെവ്വേറെ മേഖല തിരിച്ചുകൊണ്ടുള്ള ബിടുബി മീറ്റിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. ഇത് സംസ്ഥാനത്തെ നിക്ഷേപസൗഹൃദ അന്തരീക്ഷവും തൊഴിൽസാധ്യതയും വളർത്താൻ ഉപകരിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.ചടങ്ങിൽ വ്യാപാർ ബയർ സെല്ലർ ഡയറക്ടറിയുടെ പ്രകാശനം മന്ത്രി നിർവ്വഹിച്ചു.

സംസ്ഥാനത്ത് കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ വ്യാപാർ സഹായിക്കുമെന്നും ബിസിനസ് പങ്കാളികളുടെ മികച്ച സമീപനത്തിലൂടെ കേരളത്തിലെ എംഎസ്എംഇ മേഖലയിൽ വിപ്ലവം സൃഷ്ടിക്കാൻ കഴിയുമെന്നും ചടങ്ങിൽ അധ്യക്ഷത വഹിച്ച കൊച്ചി മേയർ അഡ്വ.എം.അനില്കുമാർ പറഞ്ഞു.

സംസ്ഥാനത്തെ വ്യവസായിക സൗഹൃദ അന്തരീക്ഷവും തൊഴിലവസരങ്ങളും വർധിപ്പിക്കുന്നതിൽ വ്യാപാർ പ്രധാനമാണെന്നും എംഎസ്എംഇകളിലൂടെ നാല് ലക്ഷം പേർക്ക് തൊഴിൽ നൽകുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കേരളം ഒരുങ്ങുകയാണെന്നും ചടങ്ങിന് സ്വാഗതം ആശംസിച്ച വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ എസ്.ഹരികിഷോർ പറഞ്ഞു.

കിൻഫ്ര മാനേജിങ് ഡയറക്ടർ സന്തോഷ് കോശി തോമസ്, കെ ബിപ്പ് സി.ഇ.ഒ സൂരജ് എസ്., ഫിക്കി ചെയർമാൻ. ദീപക് എൽ. അസ്വാനി, കെഎസ്എസ്ഐഎ സംസ്ഥാന പ്രസിഡന്റ് എം.ഖാലിദ് തുടങ്ങിയവർ സംബന്ധിച്ചു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അഞ്ഞൂറോളം ബയർമാരും മൂന്നൂറിലധികം എംഎസ്എംഇ പ്രമോട്ടർമാരും ഭാഗമാകുന്ന ത്രിദിന ബിടുബിയിൽ പതിനായിരത്തോളം ബിസിനസ് കൂടിക്കാഴ്ചകൾ നടക്കും. ആമസോൺ, ഫ്ളിപ്പ്കാർട്ട് ഉൾപ്പെടെയുള്ള ആഗോള വാണിജ്യ സ്ഥാപന പ്രതിനിധികളും റെയിൽവേ-പ്രതിരോധ മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരും ബിടുബി മീറ്റിൽ പങ്കെടുക്കും. നാളെ (ശനിയാഴ്ച) ഉച്ചയ്ക്ക് രണ്ട് മണി മുതൽ പൊതുജനങ്ങൾക്ക് എക്സിബിഷനിൽ പ്രവേശനം അനുവദിച്ചിട്ടുണ്ട്.

എംഎസ്എംഇകളുടെ വ്യത്യസ്ത ഉൽപ്പന്നങ്ങൾ അവതരിപ്പിച്ചുകൊണ്ട് ദേശീയ വിപണി നേടിയെടുക്കുന്നതിന് ഊന്നൽ നൽകുന്ന മേള, കൊവിഡ് പ്രതിസന്ധി മറികടക്കുന്നതിൽ രാജ്യത്താകമാനമുള്ള വ്യവസായ സമൂഹത്തിനു മുന്നിൽ സംസ്ഥാനത്തെ സംരംഭകർക്ക് മികവ് തെളിയിക്കുന്നതിനും വഴിയൊരുക്കും. വാണിജ്യ സ്ഥാപനങ്ങളിലെ ബയേഴ്സ്, ഓൾ ഇന്ത്യ ട്രേഡ്-കൊമേഷ്യൽ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, വാണിജ്യ സംഘങ്ങൾ, കയറ്റുമതിക്കാർ, ഉപഭോക്താക്കൾ എന്നിവരും 18 വരെ നടക്കുന്ന മേളയിൽ പങ്കെടുക്കുന്നുണ്ട്.